(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഏതെല്ലാം രീതിയിലുള്ള ചികിത്സകളാണ് ഇവിടെ ലഭ്യമായിട്ടുള്ളത് ;

(ഡി) ഗവൺമെന്റ് ആശുപത്രികളിൽ ഹോളിസ്റ്റിക് ട്രീറ്റ്മെന്റിന് ഇപ്പോൾ സൗകര്യമില്ലാത്തപക്ഷം അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) നിലവിലുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലും എല്ലാ ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രികളിലും ഈ ട്രീറ്റ്മെന്റ് നിലവിലുണ്ട്.

(സി) യോഗ, മെഡിറ്റേഷൻ, പ്രകൃതി ചികിത്സ, ബയോഫീഡ് ബാക്ക് തുടങ്ങി സംഘർഷം കുറയ്ക്കുന്നതിനും ആശ്വാസം ലഭിക്കുന്നതിന് ഉതകുന്നതുമായ ചികിത്സാരീതിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) ഹോളിസ്റ്റിക് ട്രീറ്റ്മെന്റ് നൽകുന്നതിനാവശ്യമായ വിദഗ്ധരുടെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

മരുന്നുദൗർലഭ്യം പരിഹരിക്കാൻ നടപടി

23 (*173) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലേയ്ക്ക് മരുന്നു വാങ്ങുന്നതിന് ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വെളിപ്പെടുത്തുമോ ; ഏതൊക്കെ മരുന്നുകളാണ് ആരോഗ്യ വകുപ്പ് പതിവായി വാങ്ങുന്നത് ;

(ബി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെയും മറ്റ് അവശ്യസാധനങ്ങളുടെയും ദൗർലഭ്യം അനുഭവപ്പെടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) മരുന്നിന്റെയും മറ്റും ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ആരോഗ്യ വകുപ്പിൽ മരുന്നു വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എന്തു നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചുവെന്ന് പറയുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ആരോഗ്യ വകുപ്പിലേക്കാവശ്യമായ മരുന്നുകൾ സെൻട്രൽ പർച്ചേസ് കമ്മിറ്റിയാണ് വാങ്ങുന്നത് ഓരോ വർഷവും ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടെ ഇന്റന്റ് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ ശേഖരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അയച്ചുകൊടുക്കുന്നത് സെൻട്രൽ പർച്ചേസ് കമ്മിറ്റികൂടി, വാർഷിക ഇന്റന്റിന്റെ അടിസ്ഥാനത്തിൽ സി.പി.സി. തിരഞ്ഞെടുത്ത കമ്പനികളിൽ നിന്നും റേറ്റുകൾ ശേഖരിക്കുകയും, ആയത് മാർക്കറ്റ് റേറ്റുമായി താരതമ്യം ചെയ്ത് ഗുണനിലവാരം ഉറപ്പാക്കി കമ്പനികളുമായി വിലപേശി വിലകൾ ഉറപ്പിക്കുകയും ചെയ്യുന്നു. കമ്പനികൾ ഓരോ ജില്ലക്കുംവേണ്ട മരുന്നുകൾ 4 തുല്യ ഗഡുക്കളായി വിതരണം ചെയ്യുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, ഡയറക്ടർ ഓഫ് ഇൻഷൂറൻസ് മെഡിക്കൽ സർവീസസ്, ഡ്രഗ്സ് കൺട്രോളർ, അഡീഷണൽ സെക്രട്ടറി, ഫൈനാൻസ് (സെക്രട്ടേറിയറ്റ്), ജോയിന്റ് സെക്രട്ടറി സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് (സെക്രട്ടേറിയറ്റ്) എന്നിവരാണ് സി.പി.സി. യിലെ അംഗങ്ങൾ. ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഓരോ വർഷവും മാറിമാറി ചെയർമാൻമാരായിരിക്കുന്നതാണ്. അനാൽജസിക്, ആന്റിപൈറ്റിക്സ്, ആന്റി ഇൻഫ്ളുമാറ്ററി, ആന്റിബയോട്ടിക്കുകൾ, ആന്റിബാക്ടീരിയൽസ്, ആന്റി ട്യൂബർക്കുലർ, ആന്റി ഡ്രഗ്സ്, അനസ്തറ്റിക് ഡ്രഗ്സ്, ആന്റി അലർജിക് ഡ്രഗ്സ്, ആന്റി ഡോട്ട്സ്, ആന്റി എപ്പിലെപ്റ്റിക് ഡ്രഗ്സ്, ആന്റിഫംഗൽ, ആന്റിസെറൽ, ആന്റി ഫൈലേറിയ, മലേറിയ ലെപ്രോട്ടിക് പാർക്കിൻസോണിയ, ഡ്രഗ്സ് ഇഫക്ടിംഗ് ദി ബ്ലഡ്, കാർഡിയോ വാസ്കുലർ, ഡെർമറ്റോളജിക്കൽ, ഓഫ് താൽമിക്, ഗൈനക് ആന്റ് ഒബ്സ്റ്റട്രിക്, സൈക്കോട്രോപിക് ഡ്രഗ്സ്, ഐ.വി. ഫ്ളൂയിഡ്, ഡിസ്ഇൻഫെക്ടന്റ്സ്, ആന്റിസെപ്റ്റിക്സ്, ഡൈയൂറേറ്റിക്സ് ജി.ഐ.ട്രാക്ട് ഡ്രഗ്സ്, ഹോർമോൺസ് ആന്റ് എൻഡോക്രിൻ ഡ്രഗ്സ്, ഇമ്മ്യൂണോളജിക്കൽസ്, വിറ്റാമിൻസ് ആന്റ് മിനറൽസ്, സർജിക്കൽ ആന്റ് മെഡിക്കൽ ഡിവൈസസ്, സൂച്ചേഴ്സ്, ബ്ലഡ്ഗ്രൂപ്പിംഗ് സെറം ആന്റ് ടെസ്റ്റിംഗ് കിറ്റ്സ്, ബ്ലഡ് ബാഗ്സ്, ആന്റി കാൻസർ ഡ്രഗ്സ് തുടങ്ങിയ മരുന്നുകളാണ് ആരോഗ്യവകുപ്പ് പതിവായി വാങ്ങുന്നത്. ഹോമിയോപ്പതി വകുപ്പ് മരുന്ന് വാങ്ങുന്നത് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും സർക്കാർ അനുമതിയോടെയാണ് ആയുർവേദ വകുപ്പിന് ആവശ്യമായ മരുന്നുകൾ ഗവൺമെന്റ് അധീനതയിലുള്ള 'ഔഷധി' മുഖേനയാണ് വാങ്ങുന്നത്.

(ബി) ഇത്തരം സാഹചര്യം നിലവിലില്ല.

(സി) ആവശ്യമായ മരുന്നുകൾ വാങ്ങി സംഭരിക്കുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴിയാണ് മരുന്നുകൾ വാങ്ങുന്നത് ഇതിൽ ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ല.

സെറിഫെഡിന്റെ പ്രവർത്തനം

24 (*174) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെറിഫെഡിന്റെ പ്രവർത്തനം കേന്ദ്ര ബോർഡായ സിൽക്കിന്റെ നിലപാടുമൂലം മന്ദഗതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly